# നിലയുറപ്പിക്കേണ്ടത് ഇരകളുടെ പക്ഷത്ത്

**മുംബൈയിലെ** ഭാരത് ഫോർജ് കമ്പനി ജീവനക്കാരനായിരുന്ന ഉത്തം മനോഹർ നകാതെയെ 1983 ആഗസ്റ്റ് 26-ന് ജോലിയിൽനിന്ന് പിരിച്ചുവിട്ടു. ജോലിസമയത്ത് ഉറങ്ങി എന്നതായിരുന്നു കാരണം. നകാതെ കോടതിയെ സമീപിച്ചു. പിരിച്ചുവിട്ട നടപടി ശരിവെച്ച് 2005 ജനുവരി 20-ന് സുപ്രീംകോടതി വിധി പ്രസ്താവിച്ചു. 21 വർഷങ്ങൾക്കു ശേഷം!

ജനങ്ങൾ ഏറെ ആദരവോടെയാണ് നീതിന്യായ സംവിധാനങ്ങളെ നോക്കിക്കാണുന്നത്. ഈ ആദരവിന് മങ്ങലേറ്റാൽ ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാകും. എന്നാൽ കുറച്ചു കാലമായി നീതിപീഠങ്ങളുമായി ബന്ധപ്പെട്ട് വന്നുകൊണ്ടിരിക്കുന്ന വാർത്തകൾ ആശങ്കയുളവാക്കുന്നതാണ്. കുറ്റവാളികൾ രക്ഷപ്പെടുകയും നിരപരാധികൾ ശിക്ഷിക്കപ്പെടുകയും ചെയ്യുന്ന വിധിതീർപ്പുകൾ സമൂഹത്തിൽ ഛിദ്രതയും അരക്ഷിതാവസ്ഥയും വളർത്തും.

സൂര്യനെല്ലി കേസിന്റെ വിധിപ്രസ്താവത്തോടെയാണ് കേരളത്തിൽ കോടതി വിധികൾ വ്യാപകമായി ചർച്ച ചെയ്യപ്പെട്ടുതുടങ്ങിയത്. സ്വാശ്രയ പ്രശ്നത്തിലും വിധി നീതിപൂർവകമല്ല എന്ന് ആരോപണമുയർന്നുകഴിഞ്ഞു. വിധിപ്രസ്താവം നടത്തിയ ന്യായാധിപനെതിരെ കടുത്ത ആരോപണങ്ങളാണ് ചില വിദ്യാർഥി സംഘടനകൾ ഉയർത്തിയിരിക്കുന്നത്. സ്വകാര്യ മാനേജ്മെന്റിന്റെ ആതിഥ്യം സ്വീകരിച്ച് അവരുടെ ഗസ്റ്റ് ഹൗസിൽ താമസിച്ചുവെന്നതിനുള്ള തെളിവുകളോടെയാണ് ആരോപണം. സർക്കാർ ഗസ്റ്റ് ഹൗസിൽ സൗകര്യമില്ലാത്തതിനാലാണ് മാനേജ്മെന്റ് ഗസ്റ്റ്ഹൗസിൽ താമസിച്ചത് എന്ന മറുപടി ഒട്ടും തൃപ്തികരമല്ല.

ഉത്തം നകാതെ, ബാബരി മസ്ജിദ് പോലുള്ള കേസുകളിൽ വിധിപ്രസ്താവങ്ങൾക്ക് പതിറ്റാണ്ടുകളെടുക്കുമ്പോൾ വൻകിടക്കാരുടെ പ്രശ്നങ്ങളിൽ അതിവേഗം തീർപ്പുകൽപിക്കപ്പെടുന്നതും ജനങ്ങളിൽ സംശയമുളവാക്കുന്നുണ്ട്. ബഹുരാഷ്ട്ര കുത്തകകളുടെ ഉൽപന്നങ്ങളായ കൊക്കക്കോള, പെപ്സി എന്നിവയുടെ ഉൽപാദനവും വിപണനവും നിരോധിച്ച സർക്കാർ ഉത്തരവ് റദ്ദാക്കിക്കൊണ്ടുള്ള വിധി ഉദാഹരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

അഫ്സൽ ഗുരുവിന്റെ കാര്യത്തിൽ കോടതി കാണിച്ച തിടുക്കവും ഏറെ വിമർശിക്കപ്പെട്ടു. തന്റെ ഭാഗം വിശദീകരിക്കാനുള്ള സാവകാശം അദ്ദേഹത്തിന് ലഭിച്ചില്ലെന്ന് അഭിഭാഷക നന്ദിതാ ഹക്സർ പരിതപിക്കുന്നു. മാത്രമല്ല വിചാരണയിലെ അപാകവും തൂക്കിലേറ്റാനുള്ള വിധിയും പുനഃപരിശോധിക്കണമെന്ന് അഭ്യർഥിച്ച് നൽകിയ പരിഹാര ഹരജിയും വാദം കൂടാതെ തള്ളുകയായിരുന്നു.

തെറ്റായ സൂചനകൾ നൽകുന്ന മറ്റൊരു വിധിപ്രസ്താവമാണ് സ്ത്രീധന വിഷയത്തിൽ സുപ്രീംകോടതി നടത്തിയത്. വീട്ടുചെലവിനും മറ്റുമായി ഭാര്യവീട്ടുകാരിൽനിന്ന് ഭർത്താവ് ആവശ്യപ്പെടുന്ന പണം സ്ത്രീധനമായി കണക്കാക്കാനാവില്ലെന്നാണ് സുപ്രീംകോടതി പറയുന്നത്. സ്ത്രീധനം വാങ്ങുന്നത് നിയമം മൂലം നിരോധിച്ചിട്ടുണ്ടെങ്കിലും, ഇത് അതിന്റെ പരിധിയിൽ വരില്ലെന്നാണ് വിശദീകരണം. നിയമം നടപ്പിലാക്കേണ്ടവർ തന്നെ നിയമലംഘനത്തിന് പഴുത് നൽകുകയല്ലേ എന്ന സംശയം ഉയർത്താനേ ഇത് സഹായകമാവൂ.

ന്യായാധിപന്മാർ ആരോപണങ്ങളിൽ അകപ്പെടുന്നത് നീതിന്യായ വ്യവസ്ഥയെ തന്നെ അപകടപ്പെടുത്തും. ഗുരുതരമായ ആരോപണങ്ങൾക്കിരയായ വ്യക്തിയാണ് നിയുക്ത കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് ജഗദീഷ് ഭല്ല എന്നത് നമ്മുടെ ആശങ്ക വല്ലാതെ വളർത്തുന്നു. ഇപ്പോൾ ഇലാഹാബാദ് ഹൈക്കോടതി ജഡ്ജിയായ ഭല്ലക്കെതിരെ ജസ്റ്റിസ് രജീന്ദർ സച്ചാർ, മുൻ കേന്ദ്ര നിയമമന്ത്രിമാരായ രാം ജത്മലാനി, ശാന്തി ഭൂഷൺ, അഡ്വ. ഇന്ദിരാ ജയ്സിംഗ് എന്നിവരടങ്ങിയ 'കമ്മിറ്റി ഓൺ ജുഡീഷ്യൽ അക്കൗണ്ടബിലിറ്റി' ഗുരുതരമായ അഴിമതിയാരോപണങ്ങളാണ് ഉന്നയിച്ചിരിക്കുന്നത്. ആരോപണമുക്തനാകും വരെ ഭല്ലയുടെ നിയമനം തടഞ്ഞുവെക്കണമെന്ന് ഡോ. സുകുമാർ അഴീക്കോടും ബി.ആർ.പി. ഭാസ്കറും ആവശ്യപ്പെട്ടുകഴിഞ്ഞു.

ഒരേ ഭരണഘടന വ്യാഖ്യാനിച്ചുകൊണ്ട് ഒരു കോടതി ശിക്ഷിക്കുകയും മറ്റൊരു കോടതി വെറുതെ വിടുകയും ചെയ്യുമ്പോൾ അത് വ്യാഖ്യാനത്തിൽ സംഭവിച്ചുപോകുന്ന പിശകായി വിലയിരുത്താമെങ്കിലും ചിലപ്പോഴെങ്കിലും അങ്ങനെയല്ല എന്ന സംശയം ബലപ്പെടുന്നുണ്ട്. ഭരണഘടനയും നീതിവ്യവസ്ഥയും ആരുടെ താൽപര്യങ്ങളാണ് സംരക്ഷിക്കേണ്ടത് എന്നതാണ് അടിസ്ഥാന ചോദ്യം. ഇരകളുടെ പക്ഷത്ത് നിലയുറപ്പിക്കുമ്പോഴേ നീതിന്യായ വ്യവസ്ഥക്ക് വിശ്വാസം വീണ്ടെടുക്കാനാവൂ.

**ജലീൽ പടന്ന**

## • കത്തുകൾ




## ■ ചുരുക്കെഴുത്ത്

**ഭാഗ്യക്കുറി** മുതലാളിത്ത ചൂഷണമാണെന്ന് ലളിതമായ ഉദാഹരണങ്ങളിലൂടെ പഠിപ്പിച്ച കമ്യൂണിസ്റ്റ് ആചാര്യന്മാരുടെ ശിഷ്യന്മാർ ഇപ്പോഴത് വിദ്യാലയങ്ങളിലേക്കും എത്തിച്ചു! ഈ സംരംഭം വിജയിച്ചാൽതന്നെ കേരളത്തിന്റെ കായികമേഖലക്ക് അതുകൊണ്ട് ഒരു ഗുണവും കിട്ടില്ലെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്?

**അലവി വീരമംഗലം**

**തിണ്ണമിടുക്ക്** കൊണ്ട് ആദർശത്തെ നേരിടാമെന്ന വ്യാമോഹമാണ് കണ്ണൂരിലും കാസർകോട്ടും കോഴിക്കോട്ടും എസ്.ഐ.ഒ പ്രവർത്തകർക്ക് നേരെയുണ്ടായ ഡി.വൈ.എഫ്.ഐ/പോലീസ് അതിക്രമങ്ങൾക്കു പിന്നിൽ. മുതലാളിത്തത്തിന്റെ കൊടിയടയാളങ്ങളിലൊന്നായ ലോട്ടറി സംസ്കാരം വിദ്യാർഥികളിലേക്ക് കടത്തിവിടാൻ അനുവദിക്കില്ലെന്ന് പ്രഖ്യാപിച്ച് സാമൂഹിക പ്രതിബദ്ധതയുള്ള എസ്.ഐ.ഒ പ്രവർത്തകർ സമൂഹത്തെ ബോധവത്കരിക്കാൻ തുനിഞ്ഞപ്പോൾ, മാതൃ പ്രസ്ഥാനത്തിന്റെ തിട്ടൂരങ്ങൾക്ക് മുമ്പിൽ ഓഛാനിച്ചുനിൽക്കേണ്ടിവന്നതിലുള്ള ജാള്യമാവണം അഴിഞ്ഞാട്ടത്തിന് ഡി.വൈ.എഫ്.ഐക്കാരെ പ്രേരിപ്പിച്ചത്.

**എം.ഐ അനസ് മൻസൂർ**
**അൽജാമിഅ അൽഇസ്‌ലാമിയ, ശാന്തപുരം**

# പുതിയ പ്രോജക്ടുകൾ ധൃതി പിടിച്ചാവരുത്

**2006** മെയ് അവസാനവാരം ചേന്ദമംഗല്ലൂരിൽ ചേർന്ന 'തനിമ'യുടെ കലാസാഹിത്യ ക്യാമ്പിലും ആഗസ്റ്റിൽ റിയാദിൽ നടന്ന 'സൂം-2006' എന്ന വിഷ്വൽ മീഡിയ ശിൽപശാലയിലും പങ്കെടുക്കാൻ അവസരം ലഭിച്ചു. പ്രസ്തുത ക്യാമ്പുകളിൽ പങ്കെടുത്ത ഭൂരിപക്ഷം ആളുകളും ദൃശ്യമാധ്യമരംഗത്ത് ഇസ്‌ലാമിക പ്രസ്ഥാനം കാര്യമായ ശ്രദ്ധ പതിപ്പിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ചും ബദൽ സമർപ്പണത്തെക്കുറിച്ചും ചർച്ചകൾ നടത്തി. ജനകീയ കലാമേഖലകളെ ഉപയോഗപ്പെടുത്തുന്നതിൽ നാം ഏറെ പിന്നിൽ തന്നെയാണ് നിൽക്കുന്നതെന്ന് വിലയിരുത്തപ്പെട്ടു. എന്നാൽ നിലവിലുള്ള അവസ്ഥയിൽ ചലച്ചിത്ര രംഗത്തേക്കുള്ള ചുവടുവെപ്പ് ശ്രദ്ധാപൂർവം മാത്രമേ സാധ്യമാവൂ എന്നും അഭിപ്രായമുയർന്നു. പക്ഷേ, ഇത്തരം കലകളെ നന്മയുടെ പ്രചാരണത്തിനായി സാധ്യമാക്കണമെന്ന കാര്യത്തിൽ എല്ലാവരും ഏകാഭിപ്രായക്കാരായിരുന്നു. പ്രസ്ഥാനം നടത്തിയ കുടുംബ കാമ്പയിന്റെ ഭാഗമായി പുറത്തിറക്കിയ 'വധു' ടെലിഫിലിം ഈ രംഗത്തെ അഭിനന്ദനാർഹമായ തുടക്കമായി.

കഥയുടെ തെരഞ്ഞെടുപ്പിലും അവതരണ ശൈലിയിലും 'വധു' ശ്രദ്ധേയമായി. കഥാപാത്രങ്ങളെ അധികം സംസാരിപ്പിക്കാതെത്തന്നെ 'വാചാലരാ'ക്കുകയായിരുന്നു. ഉപദേശങ്ങളെ നീണ്ട സ്റ്റഡിക്ലാസ്സുകളാക്കാതെ വലിയ പാഠങ്ങൾ പകർന്നു. ഒരു അന്യഭാഷാ കഥ കേരളീയ പശ്ചാത്തലത്തിൽ ഫലവത്തായ രീതിയിൽ അവതരിപ്പിക്കുന്നതിൽ ഏറെ വിജയിച്ചു. നോവലിനേക്കാളും ടെലിഫിലിം മനുഷ്യഗന്ധിയായി. വലിച്ചുനീട്ടലുകളും അനാവശ്യമായ ഹാസ്യരംഗങ്ങളും ഇല്ലാതെയും പ്രേക്ഷകനെ പിടിച്ചിരുത്താമെന്നുകൂടി 'വധു' തെളിയിച്ചു. ഡബ്ബിംഗിൽ അൽപം പാളിച്ച പറ്റി.

'വധു'വിന്റെ വിജയം വർഷംതോറും ടെലിഫിലിമെടുക്കാൻ പ്രചോദനമാകുന്നതിനു പകരം ഉചിതമായ സന്ദർഭങ്ങളിൽ ഏറെ പഠനത്തിനു ശേഷം മാത്രം പുതിയ പ്രോജക്ടുകളെ കുറിച്ച് ചിന്തിക്കാനാവണം നമ്മെ പ്രേരിപ്പിക്കേണ്ടത്. അതോടൊപ്പം സാങ്കേതിക കലാ രംഗങ്ങളിൽ പുതിയ പ്രതിഭകളെ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും ശ്രമിക്കുക.

**കെ.കെ. സിയാഉൽ ഹഖ് യാമ്പു,**
**കെ.എസ്.എ**

# മുസ്‌ലിംകൾ സ്വയം വിമർശനം നടത്തണം

**'മുസ്‌ലിംകൾ** സ്വയം വിമർശനത്തിന് തയാറാകുമോ? എന്ന തലക്കെട്ടിൽ വിനോദ് കുമാർ എടച്ചേരി എഴുതിയ കത്തിലെ (2007 ജനുവരി 13) 'ഇസ്‌ലാമിനെ ശരിയായ രീതിയിൽ ഉൾക്കൊള്ളാൻ മുസ്‌ലിംകൾക്ക് കഴിയാത്തതാണ് യഥാർഥ പ്രശ്നം' എന്ന വിലയിരുത്തൽ ഏറക്കുറെ ശരിയാണ്. ഇസ്‌ലാമിനെ അതിന്റെ പൂർണതയിൽ ഉൾക്കൊള്ളുന്ന മുസ്‌ലിംകൾ തീരെയില്ല എന്ന് കരുതുന്നതും ശരിയല്ല. കുറേയൊക്കെ ഇസ്‌ലാമിന്റെ അന്തസ്സത്ത ഉൾക്കൊണ്ട് ജീവിതവിശുദ്ധിയാർജിച്ചവരും ധാരാളമുണ്ട്. മുസ്‌ലിം സമുദായത്തിൽ ഇസ്‌ലാമിനെ തീരെ ഉൾക്കൊള്ളാത്തവർ അതിലേറെയാണ് എന്നതും വസ്തുതയാണ്. ഇത്തരക്കാർ സമുദായത്തിന്റെ മൊത്തം പ്രതിഛായക്ക് മങ്ങലേൽപിക്കുന്നു.

'പേര്, വേഷം, താടി, പർദ, തൊപ്പി തുടങ്ങിയ കാര്യങ്ങളിലുള്ള കാർക്കശ്യമാണ് ഇസ്‌ലാം എന്ന ധാരണയാണ് പൊതുവെയുള്ളത്. യഥാർഥത്തിൽ ഇത്തരം കാര്യങ്ങളിലുള്ള കടുംപിടിത്തത്തിന് എന്ത് പ്രസക്തിയാണുള്ളത്?' എന്ന് കുറിപ്പുകാരൻ ചോദിക്കുന്നു. ഈ നിരീക്ഷണം വസ്തുതക്ക് നിരക്കുന്നതല്ല. മതബോധമുള്ളവരിൽതന്നെ താടിയും തൊപ്പിയുമില്ലാത്തവർ ധാരാളമുണ്ടല്ലോ. താടിയുള്ളവർ അമുസ്‌ലിംകളിലുമുണ്ട്. കേരളത്തിലെ മുസ്‌ലിംകളിലധികവും തൊപ്പിയോ തലപ്പാവോ ധരിക്കാത്തവരാണ് എന്നിരിക്കെ വിനോദ് കുമാർ പറയുന്ന കടുംപിടിത്തം എവിടെയാണ്? ഏത് സമുദായവും അവരുടെ ഐഡന്റിറ്റി കാക്കുന്ന പേരും വേഷവും സ്വീകരിച്ചാൽ അതുമൂലം സമൂഹത്തിനൊരു ദോഷവുമില്ല. സിക്കുകാർ താടിയിലും തലപ്പാവിലും മുസ്‌ലിംകളേക്കാൾ കാർക്കശ്യം പുലർത്തുന്നവരാണല്ലോ. അതുകൊണ്ട് മറ്റു സമുദായക്കാർക്ക് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടോ?

മുസ്‌ലിംകളിൽ ചിലർ താടിയും തൊപ്പിയും വെക്കുന്നതോ സ്ത്രീകൾ പർദ ധരിക്കുന്നതോ അല്ല പ്രശ്നം. സമുദായാംഗങ്ങൾ ഇസ്‌ലാമിന്റെ വിധിവിലക്കുകൾ ഗൗനിക്കാതെ അധാർമികവൃത്തികളിൽ ഏർപ്പെടുന്നതാണ് മുസ്‌ലിംസമൂഹത്തിന് ദുഷ്പേരുണ്ടാക്കുന്നത്. മുസ്‌ലിംകൾ സ്വയം വിമർശനത്തിന് തയാറാകണമെന്ന് വിനോദ് കുമാർ പറഞ്ഞത് പ്രസക്തമാണ്. ഈ സ്വയം വിമർശനവും പരിശോധനയും ഇസ്‌ലാം കാട്ടിത്തരുന്ന വെളിച്ചത്തിൽ തന്നെയാവണമെന്നതാണ് പ്രധാനം.

**ടി.എം. പെരിമ്പലം**

# ബുഷ് എന്നാൽ...

**നീതിക്കു** വേണ്ടിയുള്ള പോരാട്ടം മുസ്‌ലിം സമൂഹത്തിന്റെ വിശ്വാസത്തിന്റെ ഭാഗമാണ്. 'നിങ്ങൾ നീതിക്കുവേണ്ടി നിലകൊള്ളുന്നവരാകുവിൻ' എന്ന് ഖുർആൻ അനുശാസിക്കുന്നു. മുസ്‌ലിംസമൂഹത്തിന്റെ നീതിക്കു വേണ്ടിയുള്ള പോരാട്ടത്തെ ഭീകരമുദ്ര കുത്തി അപഹസിക്കാൻ സാധിച്ചു വെന്നതാണ് അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ വിജയം. സാമ്രാജ്യത്വശക്തികൾക്കെതിരെ പ്രതിരോധം സൃഷ്ടിക്കാനുള്ള ഇസ്‌ലാമിന്റെ കരുത്താണ് അവരുടെ ഉറക്കം കെടുത്തുന്നത്. അതുകൊണ്ടാണ് ഇസ്‌ലാമികമുന്നേറ്റത്തിന്റെ നാമ്പുകൾ മുളയിലേ നുള്ളിക്കളയാൻ ജോർജ് ബുഷ് പരക്കം പായുന്നത്. 'സാർവലൗകിക അധിനിവേശത്തിന് റഷ്യയും സോഷ്യലിസ്റ്റ് രാജ്യങ്ങളും എങ്ങനെ തടസ്സമായിരുന്നുവോ അതുപോലെ സാർവ ലൗകിക ഇസ്‌ലാമികശക്തിയും അധിനിവേശത്തിന്റെ പ്രതിരോധമായിത്തീരുമെന്ന് തീർച്ചയായും അമേരിക്ക ഭയപ്പെടുന്നുണ്ട്' എന്ന് എം.എൻ വിജയൻ വിലയിരുത്തുന്നു.

വാസ്കോ ഡി ഗാമ മുതൽ ബുഷ് വരെയുള്ള അധിനിവേശപ്പിശാചുക്കൾ മുസ്‌ലിം വേട്ട മുഖ്യ അജണ്ടയായി സ്വീകരിച്ചത് യാദൃഛികമല്ല. ഇന്ത്യയിൽ ബ്രിട്ടീഷ് അധിനിവേശത്തിനെതിരെ അതിശക്തമായ ചെറുത്തുനിൽപ് നടത്തിയവരിൽ മുസ്‌ലിംസമൂഹം മുൻപന്തിയിലുണ്ടായിരുന്നു. മുസ്‌ലിംകളുടെ സ്വാതന്ത്ര്യവാഞ്ഛയും കർമശേഷിയും ഐക്യബോധവും വെള്ളപ്പട്ടാളത്തിന്റെ ഉറക്കം കെടുത്തി. അതുകൊണ്ടു തന്നെ മുസ്‌ലിംശക്തി തളർത്താനും തകർക്കാനും നീചമായ തന്ത്രങ്ങളാണ് വെള്ളപ്പട്ടാളം ആവിഷ്കരിച്ചത്. അബുൽ ഹസൻ അലി നദ്‌വി എഴുതുന്നു: "ഈ ഇംഗ്ലീഷുകാർ അൽപം സൗന്ദര്യമോ ശേഷിയോ ഉള്ള ഒരു മുസ്‌ലിമിനെ കണ്ടാൽ അവനെ പിടിച്ചുകൊന്ന് ആനന്ദിച്ചിരുന്നു. നാട്ടിലെ ധാരാളം പ്രമുഖരെ അവർ അങ്ങനെ കൊന്നു. യുവാക്കളായ മക്കളെ വൃദ്ധപിതാക്കളുടെ കൺമുന്നിൽവെച്ച് വധിച്ചു. സൗന്ദര്യവും തറവാടും യോഗ്യതയുമുള്ള ഒറ്റ മുസ്‌ലിമും അവരുടെ കൈയിൽനിന്ന് ചോർന്നുപോവുകയില്ല. അതിനാൽ ദൽഹിയിൽ സൗന്ദര്യവും ആകർഷകത്വവുമുള്ള ഒറ്റ കുഞ്ഞും ജനിക്കാതായി. (1857-ലെ) വിപ്ലവത്തിനു മുമ്പത്തെ മുസ്‌ലിമിനെയും ശേഷമുള്ള മുസ്‌ലിമിനെയും തുലനം ചെയ്താൽ രണ്ടു കൂട്ടർക്കുമിടയിൽ സൗന്ദര്യത്തിൽ വലിയ വ്യത്യാസം കാണാം... തൂക്കിലേറ്റാൻ വിധിക്കപ്പെട്ടവരെ വിനോദസ്ഥലങ്ങളിലും ഉത്സവവേദികളിലും കൊണ്ടുവരുന്നത് ഒരു കാഴ്ചയായിരുന്നു. ഈ ഹതഭാഗ്യർ അന്ത്യശ്വാസം വലിക്കുന്നത് കാണുമ്പോൾ ബ്രിട്ടീഷ് സൈന്യം ആർത്തുചിരിക്കും.... ഇരുപത്തിയേഴായിരം മുസ്‌ലിംകളെ തൂക്കിലേറ്റി കൊന്നിട്ടുണ്ട്. ഒരാഴ്ച തുടർച്ചയായി കൂട്ടക്കൊല നടന്നു. കൊച്ചുകുട്ടികളെപ്പോലും കൊന്നു. കാടത്തപരമായ പെരുമാറ്റമാണ് അവർ സ്ത്രീകളോട് കാണിച്ചത്... ഒരു ബ്രിട്ടീഷ് സൈനികൻ തന്റെ കുടുംബത്തിന് എഴുതി: 'ദൈവസഹായത്താൽ ബ്രിട്ടീഷുകാരായിരിക്കും ഇന്ത്യയുടെ ഭരണാധികാരികളെന്ന് ഈ നീചന്മാരായ മുസ്‌ലിംകൾക്ക് ബോധ്യപ്പെടുത്തിക്കൊടുക്കുകയാണ് ഞങ്ങളുടെ ലക്ഷ്യം' ......ബ്രിട്ടീഷുകാരുടെ ഈ കടുത്ത നടപടികൾ വളരെക്കാലം തുടർന്നു. മുസ്‌ലിംകൾ വിദ്യാഭ്യാസപരമായും സാംസ്കാരികമായും അധഃപതിക്കാനുള്ള കാരണം ഇതായിരുന്നു" (*മുസ്‌ലിംകൾ ഇന്ത്യയിൽ* പേജ് 107-111).

ഇന്നിപ്പോൾ ഇറാൻവേട്ടക്ക് പശ്ചാത്തലമൊരുക്കുന്ന തിരക്കിലാണ് അമേരിക്കൻ സാമ്രാജ്യത്വം. അനീതിക്കും ക്രൂരതക്കും കാട്ടാളത്തത്തിനും കൈയേറ്റത്തിനും ഭീകരതക്കും ഒറ്റപ്പദമുണ്ടെങ്കിൽ അത് 'ബുഷ്' എന്നായിരിക്കും.

**കെ.പി ഇസ്മാഈൽ**
**കണ്ണൂർ**

# ഹദീസ് പതിപ്പ്

*പ്രബോധനം* ഹദീസ് പതിപ്പ് വായിച്ചു. ഹദീസ് വിജ്ഞാനമേഖലയിലെ ശ്രദ്ധേയമായ ഒരു കാൽവെപ്പാണിത്. കൂടുതൽ ചിന്തക്ക് വിഷയീഭവിക്കേണ്ടവയാണ് എ.ആറിന്റെ 'ഹദീസ് നിഷേധം കേരളത്തിൽ', എ. അബ്ദുസ്സലാം സുല്ലമിയുടെ 'വിമർശന വിധേയമായ ഹദീസുകൾ ബുഖാരിയിലും മുസ്‌ലിമിലും' എന്നിവ.

ഹദീസ്നിഷേധത്തിന് കേരളത്തിൽ തുടക്കം കുറിക്കപ്പെട്ടത് പല ഘട്ടങ്ങളിലായാണ്. ആദ്യം അവതരിപ്പിച്ചത് എന്തിനും രണ്ടു സാക്ഷികളുണ്ടായിരിക്കണം എന്ന വാദമായിരുന്നു. രണ്ടു സാക്ഷികളുടെ ആവശ്യകതയും മറ്റും സ്ഥാപിച്ചുകൊണ്ടുള്ള വാദം വിജയിച്ചു എന്ന് കണ്ടാൽ, സ്വഹീഹായ ഹദീസ് മൂലം സ്ഥിരപ്പെട്ട ഓരോ കാര്യവും അവർ നിഷേധിക്കും. അപ്പോൾ ചോദ്യമുയരും; 'ഇതൊക്കെ സ്വഹീഹായ ഹദീസ്കൊണ്ട് സ്ഥിരപ്പെട്ടതല്ലേ? അതിന് അവരുടെ ഉത്തരം: 'രണ്ട് സാക്ഷിവാദം നേരത്തെ തന്നെ നാം അംഗീകരിച്ചതല്ലേ? ഇത്തരം കാര്യങ്ങൾക്ക് രണ്ട് സാക്ഷികൾ ഉള്ള ഹദീസുകളൊന്നും ഇല്ലല്ലോ.'

ഹദീസ്നിഷേധികളുടെ അവതരണരീതി ഇപ്രകാരം സംഗ്രഹിക്കാം: ഹദീസ് സ്വീകരിക്കേണ്ടത് രിവായത്തിന്റെ (നിവേദനം) അടിസ്ഥാനത്തിലോ ശഹാദത്തിന്റെ(സാക്ഷീകരണം) അടിസ്ഥാനത്തിലോ എന്നൊരു ചോദ്യം തൊടുത്തുവിടും. എന്നിട്ട് സാക്ഷീകരണമെന്ന് അവതാരകൻ തന്നെ ഉത്തരവും പറയും. അതിന് തെളിവോ? ഖുർആനിലെ 2:144, 4:135 സൂക്തങ്ങൾ. എന്നാൽ, ഈ സൂക്തങ്ങളിൽ സാക്ഷീകരണ പ്രശ്നമല്ല ചർച്ച. മറിച്ച് മാതൃകാജീവിതമാണ്. പ്രവാചകന്റെ ജീവിതമാതൃക സ്വീകരിച്ചുകൊണ്ട് മുസ്‌ലിംകൾ ജീവിക്കണമെന്നും അത്തരത്തിലുള്ള മുസ്‌ലിംകളുടെ ജീവിതം മാനവരാശിക്ക് മാതൃകയായിരിക്കണമെന്നുമാണ് ആദ്യത്തെ സൂക്തം (2:143) സൂചിപ്പിക്കുന്നത്. ഇസ്‌ലാമിക ആശയങ്ങൾക്കനുസൃതമായി സത്യത്തിന് സാക്ഷികളായി മുസ്‌ലിംകൾ മാതൃകപരമായി ജീവിതം നയിക്കണമെന്ന് രണ്ടാമത്തെ (4:135) ആയത്ത് സൂചിപ്പിക്കുന്നു. ഇവിടെ ഹദീസ് സാക്ഷീകരണത്തെപ്പറ്റി ഒരു സൂചന പോലുമില്ല.

നേരെ ചൊവ്വേ മുസ്‌ലിംകൾ നബിവചനം സ്വീകരിക്കണമെങ്കിൽ രണ്ട് സാക്ഷികൾ കൊണ്ട് സ്ഥിരപ്പെട്ട നബിവചനമായിരിക്കണമെന്ന് ഖുർആനിലുണ്ടോ? സൂക്ഷ്മതയാണ് പ്രശ്നമെങ്കിൽ, എ.ആർ സൂചിപ്പിച്ച പോലെ രണ്ട് സാക്ഷികളുടെ കാര്യം പരാമർശിച്ച ഖുർആനിൽതന്നെ നാല് സാക്ഷികളുടെ കാര്യവും വിവരിച്ചിട്ടുണ്ടല്ലോ? അപ്പോൾ രണ്ട് സാക്ഷികളുടെയും നാലു സാക്ഷികളുടെയും കാര്യം വരുമ്പോൾ സൂക്ഷ്മതക്ക് നാല് സാക്ഷികളല്ലേ വേണ്ടത്? ഈ ചോദ്യത്തിന് ഉത്തരമില്ല. ഖുർആനിൽ ക്രയവിക്രയത്തെപ്പറ്റിയും വിവാഹകാര്യത്തെപ്പറ്റിയുമൊക്കെ പറഞ്ഞേടത്ത് രണ്ട് സാക്ഷികൾ വേണമെന്ന് പരാമർശിച്ചത് പൊക്കിപ്പിടിച്ച് ഹദീസിനും രണ്ട് സാക്ഷികൾ വേണമെന്ന് വാദിക്കുന്നത് ഖിയാസ് (താരതമ്യത്തിലൂടെ വിധി കണ്ടെത്തൽ) അല്ലേ? പൗരാണികരുടെ ഖിയാസ് പാടില്ലെന്നും തങ്ങളുടെ സ്വന്തം ഖിയാസ് ആവാമെന്നും വാദിക്കുന്നത് ഇരട്ടത്താപ്പല്ലേ?

ഈ കുറിപ്പുകാരൻ തൊള്ളായിരത്തി അറുപതുകളുടെ ഒടുവിൽ കുറച്ചുകാലം ചേകനൂർ പക്ഷത്തായിരുന്നു. പിന്നെ തിരിച്ചുവരാൻ കാരണമായത് അക്കാലത്ത് ഈ വിഷയകമായി വണ്ടൂരിൽ നടന്ന ഒരു ഖണ്ഡന പ്രസംഗവും ജമാഅത്തെ ഇസ്‌ലാമി നേതാവായ എൻ.കെ അബ്ദുൽ ഖാദിർ മൗലവി, സുന്നി പണ്ഡിതനായ സി.എ അബ്ദുല്ല മൗലവി എന്നിവർ എഴുതിയ പുസ്തകങ്ങളുമായിരുന്നു.

**കെ.വി.ഒ അബ്ദുർറഹ്മാൻ, പറവണ്ണ**